**A**

# സമഗ്ര ശിക്ഷ, കേരളം

**512**

# പാദവാർഷിക മൂല്യനിർണയം 2018-19

## മലയാളം

ക്ലാസ് : 5 | **അടിസ്ഥാനപാഠാവലി** | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് **15 മിനിട്ട്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ **ഒന്നാമത്തെ** പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. **രണ്ടു മുതൽ ആറു വരെ** പ്രവർത്തനങ്ങളിൽ **നാലു** പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1 വായിക്കാം എഴുതാം**

താഴെ കാണുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഏറ്റവും യോജിച്ച ഉത്തരം എഴുതുക

**നിപ വൈറസ് - അറിയേണ്ടത്**

കേരളത്തെ ഒന്നടങ്കം ആശങ്കയിലാക്കി പടർന്നുപിടിച്ച നിപ വൈറസ് മൂലം പത്തോളം പേർ മരണമടഞ്ഞു. മലേഷ്യയിലെ 'സംഗായി നിപ' എന്ന പ്രദേശത്തെ ഒരു രോഗിയിൽ നിന്നാണ് ആദ്യം നിപ വൈറസിനെ കണ്ടെത്തിയത്. അതുകൊണ്ട് വൈറസിന് 'നിപ' എന്ന പേര് നൽകി.

1998 ലാണ് ലോകാരോഗ്യ സംഘടന ഈ വൈറസിനെ തിരിച്ചറിയുന്നത്. ആദ്യം പന്നികളിലൂടെയാണ് ഇത് മനുഷ്യരിലേക്ക് എത്തിയത്. അന്ന് ഏകദേശം 265 ആളുകളിൽ വൈറസ് ബാധയുണ്ടായി. പഴങ്ങൾ തിന്നുന്ന വവ്വാലുകളും നിപ വൈറസ് പരത്തുമെന്ന് ലോകാരോഗ്യസംഘടന പറയുന്നു. 2018 മെയ് മാസത്തിലാണ് കേരളത്തിൽ നിപ വൈറസിനെ കണ്ടെത്തിയതും സ്ഥിരീകരിച്ചതും.

വൈറസ് ശരീരത്തിൽ പ്രവേശിച്ച് അഞ്ചു മുതൽ പതിനാലു ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ കാണിച്ചു തുടങ്ങും. തലവേദന, പനി, തലകറക്കം, ഛർദി തുടങ്ങിയവ രോഗലക്ഷണങ്ങളാണ്. രോഗലക്ഷണങ്ങൾ ആരംഭിച്ച് ഒന്നുരണ്ടു ദിവസങ്ങൾക്കകം തന്നെ രോഗി അബോധാവസ്ഥയിലെത്താൻ സാധ്യതയുണ്ട്. ഇതുവരെ നിപ വൈറസിനെ ചെറുക്കാൻ പ്രതിരോധ കുത്തിവയ്പൊന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

1. 'നിപ' വൈറസിനെ ലോകത്ത് ആദ്യമായി കണ്ടെത്തിയത് ഏതുവർഷം ?

   എ) 1978 ബി) 1998 സി) 2018 ഡി) 1988

2. 'നിപ' എന്ന വൈറസിന്റെ പേരിന് സാമ്യമുള്ളത് എന്തിനോടാണ് ?

   എ) ഒരു പ്രദേശത്തിന്റെ പേരിനോട് ബി) ഒരു രോഗിയുടെ പേരിനോട്

   സി) ആശുപത്രിയുടെ പേരിനോട് ഡി) ഒരു ജീവിയുടെ പേരിനോട്

3. 'നിപ' വൈറസ് ശരീരത്തിൽ പ്രവേശിച്ച് രോഗലക്ഷണങ്ങൾ കാണിച്ചുതുടങ്ങാൻ എടുക്കുന്ന കാലയളവ് ?

   എ) ഒന്നു മുതൽ രണ്ടു ദിവസം

   ബി) മൂന്നു മുതൽ അഞ്ചു ദിവസം

   സി) അഞ്ചു മുതൽ പതിനാലു ദിവസം

   ഡി) പത്തു മുതൽ പതിനാലു ദിവസം

4. 'നിപ' വൈറസ് ആദ്യം മനുഷ്യരിലേക്ക് എത്തിയതെങ്ങനെ?

എ) വവ്വാലുകളിലൂടെ

ബി) പന്നികളിലൂടെ

സി) ആളുകളിലൂടെ

ഡി) രോഗിയിലൂടെ

5. 'നിപ വൈറസ് - അറിയേണ്ടത്' എന്ന ഖണ്ഡിക വായനക്കാരന് നൽകുന്ന മുന്നറിയിപ്പ് എന്ത്?

എ) നിപ വെറും ഒരു രോഗലക്ഷണമാണ്.

ബി) നിപ ഒരു വൈറസ് മാത്രമാണ്.

സി) നിപ വൈറസ് അപകടകാരിയാണ്.

ഡി) നിപ മൃഗങ്ങളിൽ മാത്രമാണ് കാണുന്നത്.

**പ്രവർത്തനം - 2 ലഘു ഉപന്യാസം**

*"കാടെവിടെ മക്കളേ?*
*മേടെവിടെ മക്കളേ?*
*കാട്ടു പുൽത്തകിടിയുടെ*
*വേരെവിടെ മക്കളേ?*
*കാട്ടു പൂഞ്ചോലയുടെ*
*കുളിരെവിടെ മക്കളേ!*
*കാറ്റുകൾ പുലർന്ന*
*പൂങ്കാടെവിടെ മക്കളേ?*

(അയ്യപ്പപണിക്കർ)

മരങ്ങൾ നശിപ്പിച്ചും മലകൾ ഇടിച്ചു നിരത്തിയും പ്രകൃതിയുടെ മേൽ മനുഷ്യൻ നടത്തുന്ന കയ്യേറ്റങ്ങളുടെ അനന്തരഫലങ്ങളെക്കുറിച്ചാണ് അയ്യപ്പപണിക്കരുടെ കവിത. പ്രകൃതിയുടെ മനോഹാരിതയെയും ജൈവവൈവിധ്യത്തെയും ഉൾപ്പെടുത്തി **പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം** എന്ന വിഷയത്തെ ആസ്പദമാക്കി ഒരു **ലഘു ഉപന്യാസം** തയാറാക്കുക.

**പ്രവർത്തനം - 3 പ്രസംഗം**

*തിങ്കളും താരങ്ങളും തൂവെള്ളിക്കതിർ ചിന്നും*
*തുംഗമാം വാനിൻ ചോട്ടിലാണെന്റെ വിദ്യാലയം!*

പ്രപഞ്ചം മുഴുവൻ നമ്മുടെ വിദ്യാലയമാണെന്നാണ് കവി പറയുന്നത്. ചെറുതും വലുതുമായ എല്ലാ വസ്തുക്കളും നമ്മുടെ ഗുരുനാഥൻമാരാണെന്നും കവി പറയുന്നു.

കവിതയിലെ ആശയങ്ങളും നിങ്ങൾക്കറിയാവുന്ന വിവരങ്ങളും കൂട്ടിച്ചേർത്ത് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ **'പ്രപഞ്ചം ഒരു പാഠശാല'** എന്ന വിഷയത്തിൽ ഒരു പ്രസംഗം തയാറാക്കുക.

**പ്രവർത്തനം 4 കഥാപാത്രനിരൂപണം**

കത്തു വായിച്ച ശേഷം ഞാൻ പറഞ്ഞു ; "ഓ ! ആ ഇലവുമരം മുറിച്ചുകളഞ്ഞിട്ട് ദിവസങ്ങൾ എത്രയോ കഴിഞ്ഞു. അവന്റെ വല്യമ്മ രണ്ടു ദിവസം ആഹാരം കഴിച്ചില്ല. കുറെ ദിവസത്തേക്ക് എന്നോട് ഒന്നും മിണ്ടിയതുമില്ല"

'വൃക്ഷത്തെ സ്നേഹിച്ച ബാലൻ' എന്ന കഥയിലെ വല്യമ്മയെ നിങ്ങൾ പരിചയപ്പെട്ടല്ലോ. ബാലചന്ദ്രനെ വളരെ വാത്സല്യത്തോടെ വളർത്തിയ വല്യമ്മയുടെ സ്വഭാവ സവിശേഷതകൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു **കഥാപാത്രനിരൂപണം** തയാറാക്കുക.

**പ്രവർത്തനം – 5**

**ആസ്വാദനക്കുറിപ്പ്**

*മലരണിക്കാടുകൾ തിങ്ങിവിങ്ങി*
*മരതകകാന്തിയിൽ മുങ്ങിമുങ്ങി*
*കരളും മിഴിയും കവർന്നു മിന്നി*
*കരയറ്റൊരാലസൽ ഗ്രാമഭംഗി*
*പുളകം പോൽ കുന്നിൻ പുറത്തുവീണ*
*പുതുമൂടൽ മഞ്ഞല പുൽകി നീക്കി*
*പുലരൊളി മാമല ശ്രേണികൾ തൻ*
*പുറകിലായ് വന്നു നിന്നെത്തിനോക്കി*

– ചങ്ങമ്പുഴ

കവിതയിൽ ആവിഷ്കരിച്ചിരിക്കുന്ന പ്രകൃതിഭംഗി, കവി ഉപയോഗിച്ചിരിക്കുന്ന സവിശേഷപദങ്ങൾ, പ്രയോഗങ്ങൾ മറ്റു പ്രത്യേകതകൾ ഇവയെല്ലാം ഉൾപ്പെടുത്തി കവിതയ്ക്ക് ഒരു **ആസ്വാദനക്കുറിപ്പ്** തയാറാക്കുക

**പ്രവർത്തനം 6 വർണന**

*ഒരു പുലരിയിൽ അതിമനോഹരമായൊരു കിളിപ്പാട്ടു കേട്ട് എന്റെ ചേച്ചിയും ഞാനും അതിന്റെ ഉദ്ഭവസ്ഥാനം തിരഞ്ഞു നടന്നു കണ്ടുപിടിച്ചു.*

'കിളിനോട്ടം' എന്ന പാഠഭാഗത്ത് പലതരം കാഴ്ചകളെ സുഗതകുമാരി വർണിച്ചെഴുതിയിട്ടുണ്ട്. ഇത്തരത്തിൽ നിങ്ങൾക്ക് ഇഷ്ടം തോന്നിയ ഒരു പുലർകാലദൃശ്യത്തെ **വർണിച്ച് കുറിപ്പെഴുതുക.**